*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 46 A

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

**ജൂലൈ 12, 2023**

# പീഢിപ്പിക്കപ്പെട്ടു, എന്നാലും ദിവ്യത്വം വെളിപ്പെടുത്തുന്നു

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകളിലേക്ക് സ്വാഗതം!

നാം ബാല്യം മുതൽക്കുള്ള ബാബയുടെ ജീവചരിത്രം പഠിച്ചുകൊണ്ടിരിക്കുകയാണ്, അക്കാലത്ത് അരങ്ങേറിയ സംഭവങ്ങളുടെ അന്തർധാരയായ നിരവധി ദിവ്യ രഹസ്യങ്ങൾ നാം അറിയുകയാണ്. നമുക്കീ പഠനം തുടരാം.




രാജു, എന്നു വച്ചാൽ നമ്മുടെ ബാബ-രാജു എന്തെങ്കിലും ചികിത്സയ്ക്ക് വിസമ്മതിച്ചു എങ്കിലും, അവൻ ഒരിക്കൽക്കൂടി സിദ്ധ ഗുണാനന്ദ സ്വാമിയുടെ അടുത്ത് പോകുന്നതിന് നിർബന്ധിതനായി-ചിത് ഗണാനന്ദ മഹരാജ് എന്നും അദ്ദേഹം വിളിക്കപ്പെട്ടിരുന്നു. രണ്ട് പേരുകളുണ്ട് അദ്ദേഹത്തിന്: സിദ്ധ ഗുണാനന്ദ സ്വാമി, പിന്നെ ചിത് ഗണാനന്ദ മഹരാജ്.

ശരി, അദ്ദേഹം കൊത്തച്ചെരുവിലുള്ള തന്റെ ആശ്രമത്തിലാണ് തങ്ങിയിരുന്നത്. രാജുവും മറ്റുള്ളവരും കൂടി ഒരു കാളവണ്ടിയിൽ, ബുക്കപട്ടണം റിസർവോയർ താണ്ടുന്നതിലേക്കായി പുട്ടപർത്തിയിൽനിന്ന് പുറപ്പെട്ടു. ആ സംഘത്തിലുണ്ടായിരുന്ന കൃഷ്ണമ്മ രാജു പിൽക്കാലത്ത് പറയുകയുണ്ടായി-കുറച്ചു ദൂരം പോയിക്കഴിഞ്ഞപ്പോൾ, കാളവണ്ടി പിന്നീട് മുന്നോട്ടു നീങ്ങിയില്ല.

വണ്ടി ഓടിച്ചിരുന്ന ചന്ദ്രമൗലി, തനിക്ക് ശരിക്ക് കാണാനാവുന്നില്ലെന്ന് പരാതി പറയുകയുണ്ടായി. ആ പ്രദേശത്ത് ചുറ്റിനുമുള്ള മലകളൊക്കെ തന്റെ മേൽ ഇടിഞ്ഞു വീഴുന്ന പോലെ അയാൾക്ക് തോന്നി. പുട്ടപർത്തിയുടെ ദിശയിൽ വണ്ടി തിരിച്ചപ്പോൾ, വണ്ടി



പ്രയാസമില്ലാതെ നീങ്ങിയെന്നു മാത്രമല്ല, ഡ്രൈവർക്കും വഴി വ്യക്തമായി കാണാനായി, അയാളുടെ വിചിത്രമായ തോന്നൽ മാറുകയും ചെയ്തു.

ഇത് അർത്ഥമാക്കുന്നത് വണ്ടി നീങ്ങാൻ ബാബ അനുവദിച്ചില്ല എന്നും വണ്ടിക്കാരന് വണ്ടിയെ മുന്നോട്ട് കൊണ്ടുപോവാനായില്ല എന്നുമാണ്. അവിടുത്തെ ദൈവികത്വം പ്രകടമാക്കുകയായിരുന്നു അവിടുന്ന്. പിന്നീടാരോ ഇതേപ്പറ്റി ചിത് ഗണാനന്ദ മഹരാജിനോട് ചോദിച്ചപ്പോൾ, ബാബയെ പരാമർശിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞുവത്രേ, ''അവിടുന്ന് ദൈവാംശ സംഭൂതനാകുന്നു,'' എന്നാണ്, അർത്ഥം ദൈവികതയുടെ ആൾരൂപമാകുന്നു എന്ന്. ''അവിടുന്നിനെ എങ്ങും കൊണ്ടുപോവേണ്ടതില്ല. അവിടുന്നിനെ ഒറ്റയ്ക്ക് വിടുക!''

മാനവരാശി, പതിവുപോലെ, അജ്ഞാതമായതിനെക്കുറിച്ചുള്ള ഭയത്തിൽ ആണ്ടുകിടക്കുകയാണ്, ദൈവിക ആവിർഭാവങ്ങൾക്കോ അഥവാ ജ്ഞാനോപദേശങ്ങൾക്കോ അതിനെ മാറ്റാനാവില്ല എന്നത് വിചിത്രമാണ്. അവിടുത്തെ ദൈവികതയുടെ പ്രകടനത്തിന് ഒരു ഉദാഹരണമായിരുന്നു ഇത്.

ഇക്കാലയളവിൽ, രാജുവിന്റെ അക്ഷരാഭ്യാസം നിർവഹിച്ച പണ്ഡിതനായ അഭിഭാഷകൻ പി.ടി.കൃഷ്ണമാചാരി രാജുവിനെ കാണാനായി പെനുക്കൊണ്ടയിൽ നിന്ന് വന്നു. അദ്ദേഹത്തിന്റെ പൂർവപിതാക്കൾ പുട്ടപർത്തിയിലെ ആദരണീയ വ്യക്തിത്വങ്ങളായിരുന്നു, അദ്ദേഹം തന്റെ ബാല്യകാലം പുട്ടപർത്തിയിലാണ് ചെലവിട്ടത്.

ഇപ്പോൾ, അതേ സത്യ നാരായണ രാജുവിന്റെ സ്തുത്യർഹമായി അതിശയകരമായ വാക്കുകളും പെരുമാറ്റവും കേട്ടിട്ട്, അദ്ദേഹം സ്വയം അന്വേഷിക്കാനിറങ്ങിയതാണ്, ഒരുപക്ഷേ രാജുവിന്റെ മാതാപിതാക്കളുടെ അപേക്ഷപ്രകാരമോ അഥവാ ഒരുവേള രാജുവിന്റെ തന്നെ നിർബന്ധം കാരണത്താലോ ആവണം.

രാജുവിനെ കണ്ടിട്ട്- നിങ്ങളറിയണം, ഇക്കാലമായപ്പോഴേക്കും രാജു നമ്മുടെ ബാബയാണ്!- അദ്ദേഹം തന്റെ വിധിപ്രസ്താവം നടത്തി: ''ഒരു ഭൂതം ഈ ബാലനെ ആവേശി

ച്ചിട്ടുണ്ട്, അസാമാന്യ ശക്തിയുള്ളതാണത്! മനുഷ്യ മന്ത്രവാദികൾക്കൊന്നും ഒന്നും ചെയ്യാനാവുമെന്ന് തോന്നുന്നില്ല, സാധാരണ ദൈവങ്ങൾ പോലും തോൽക്കുകയേ ഉള്ളൂ."



നരസിംഹ ഭഗവാൻ, മനുഷ്യ-സിംഹമായുള്ള അവതാരം, അതിനു മാത്രമേ ഈ ഭൂതത്തെ ഒഴിപ്പിക്കാനുള്ള ശക്തിയുള്ളൂ, രാജുവിനെ വെറുതേ വിടാൻ അതിനെ പ്രേരിപ്പിക്കാനാവൂ. അവനെ ഘടികാചലത്തെ വലിയ നരസിംഹസ്വാമി ക്ഷേത്രത്തിലേക്ക് കൊണ്ടുപോവുക, അവിടുത്തെ കൃപയാൽ ഇത്തരം നൂറു കണക്കിന് കേസുകൾ സുഖമായിട്ടുണ്ട്.



ഘടികാചലം നരസിംഹസ്വാമി ക്ഷേത്രം(തമിഴ്നാട്)

ഈ നവമായ ആശയത്തിൽ വെങ്കമ്മ രാജുവിന് പുതു പ്രതീക്ഷയുണ്ടായി, മറ്റ് നരസിംഹ ക്ഷേത്രങ്ങളിലേക്ക് തീർത്ഥാടനം ചെയ്തിട്ടുള്ളതിനാൽ നരസിംഹത്തെക്കുറിച്ച് അറിയാം. യാത്രയ്ക്കു വേണ്ട ഒരുക്കങ്ങൾ കുറിക്കാനാരംഭിക്കുകയായിരുന്നു അദ്ദേഹം. സത്യൻ അദ്ദേഹത്തിന്റെ കൈ പിടിച്ചു തടസ്സപ്പെടുത്തി.

"കൃഷ്ണമാചാരി ഗാരു, ഇത് തമാശ തന്നെ-താങ്കൾ കൊടുത്ത ഉപദേശം!

ഘടികാചലം ക്ഷേത്രത്തിൽ ആരാണിരിക്കുന്നതെന്നാണ് താങ്കൾ കരുതുന്നത്?!! ഈ ആളുകളെ എന്റെ അടുത്തുനിന്ന് എന്റെ അടുത്തേക്ക് കൊണ്ടുവരാനാണോ താങ്കൾ ആഗ്രഹിക്കുന്നത്? എന്നെ എന്റെയടുത്തേക്ക് കൊണ്ടുവരാനോ?"

അവിടുത്തെ ദിവ്യത്വ പ്രകടനമായിരുന്നു ഈ സംഭവം, നരസിംഹസ്വാമിയുമായുള്ള പൂർണ താദാത്മ്യം! ഇത് പി.ടി.കൃഷ്ണമാചാരിയോട്-വളരെ ആദരണീയ വ്യക്തിയായ ഒരു വക്കീലിനോട്-പറഞ്ഞതാണ്! അതെ!

താമസിയാതെ അപസ്മാരത്തിന്റെ ആവൃത്തി അപ്രത്യക്ഷമായി, ഇടവിട്ട് മോഹനിദ്രയും കവിതാ പാരായണവും തിരികെ വന്നു. ഗ്രാമീണർ കരുതിയത് അവൻ ഭ്രാന്തിന്റെ പിടിയിലാണെന്നാണ്. ഈശ്വരാമ്മ അവരുടെ പുത്രന്റെ ഈ കുഴപ്പിക്കുന്ന അവസ്ഥയിൽ നിരാശയാലും ആധിയാലും വ്യഗ്രമനസ്കയായി, ഇതിലൊക്കെ ദൈവികമായ പെരുമാറ്റക്രമം കാണാൻ വളരെ കുറച്ചു പേർക്കു മാത്രമേ കഴിഞ്ഞുള്ളൂ.

എന്നിരുന്നാലും, ക്ലൈമാക്സ് ഒരു ദിവസം സംഭവിച്ചു. വിദ്വാനായ കൃഷ്ണമാചാരിയോട് തന്റെ പുത്രൻ നൽകിയ പരുക്കൻ മറുപടിയിൽ പിതാവ് അസ്വസ്ഥനായിരുന്നു. തെരുവിലൂടെ വരുമ്പോൾ, രാജുവിനു ചുറ്റും ഒരു ആൾക്കൂട്ടം കണ്ടു അദ്ദേഹം. കേവലം ഒരു പയ്യന് സ്വയം എങ്ങനെ നരസിംഹം എന്ന് വിളിക്കാനാവും, ആ ചെയ്തി വഴി ഇത്രയും ആളുകളെ കബളിപ്പിക്കാനാവും? അദ്ദേഹത്തിനിത് ഇനിയും വച്ചു പൊറുപ്പിക്കാനാവുമായിരുന്നില്ല! അദ്ദേഹം ഒരു വടിയുമെടുത്ത് രാജുവിനെ സമീപിച്ചു, അപ്പോഴേക്കും മുത്തച്ഛന്റെ വീട്ടു വരാന്തയിൽ അവനു ചുറ്റും ധാരാളം ആളുകൾ തടിച്ചുകൂടിയിരുന്നു.

വെങ്കമ്മ രാജു, പിതാവ്, രാജുവിന്റെ നേർക്ക് കുതിച്ചു ചെന്നിട്ട് അട്ടഹസിച്ചു, "ഈ വിഡ്ഢി നാടകം നിർത്തിക്കോ! എന്നോട് പറ, നീയൊരു ഭൂതമോ അതോ കള്ളനോ അതുമല്ലെങ്കിൽ ഭ്രാന്തനോ? നീയൊരു ദൈവമാണോ? നീ നരസിംഹസ്വാമിയോ നാരായണനോ?"



സത്യം അറിയേണ്ട മുഹൂർത്തം സമാഗതമായി! ആശയക്കുഴപ്പത്തിലായ പിതാവിന്റെ നിരാശയ്ക്ക് ഒരു വിശദീകരണം ആവശ്യമായിരുന്നു. ഒരു വേള അതീ പ്രക്രിയയായിരുന്നിരിക്കണം-പതിര് ധാന്യത്തിൽ നിന്ന് പാറ്റിയെടുക്കുന്ന പ്രക്രിയ. വെളിപാട് പുറമേക്ക് വരേണ്ടതുണ്ടായിരുന്നു! യുവാവായ സത്യ നാരായണ രാജു-ബാബ, സത്യം വെളിപ്പെടുത്താൻ വേണ്ടി ഒരു പക്ഷേ ഏറെ കാത്തിരുന്ന നിമിഷമാവാം അത്.

ഉറച്ച ശബ്ദത്തിൽ അവിടുന്ന് പറഞ്ഞു, "ഞാൻ സായി ബാബയാകുന്നു!"

വടി അദ്ദേഹത്തിന്റെ കൈയിൽ നിന്ന് താഴെ വീണു, പക്ഷേ അദ്ദേഹം ദേഷ്യത്തിൽ തുടർന്നു, "നീ സായി ബാബയോ ഹരി ബാബയോ ആവട്ടെ! അത് ഞങ്ങൾക്ക് പ്രശ്നമല്ല. പക്ഷേ നീ ഈ കുട്ടിയെയും ഈ സ്ഥലവും വിട്ടു പോവുന്നതാണ് നല്ലത്!"

അദ്ദേഹം ആ ബാധയോടാണ് സംസാരിച്ചതെന്ന് വ്യക്തം. തന്റെ പുത്രനെ ആവേശിച്ച ദുർഭൂതത്തെയാണ് അദ്ദേഹം അഭിസംബോധന ചെയ്തത്. ‘‘ദയവു ചെയ്ത് മനസ്സിലാക്കൂ! നീ ഈ ബാലനെ വിട്ടു പോകൂ’’ ഇതായിരുന്നു അദ്ദേഹം അർത്ഥമാക്കിയത്.

‘‘ഇല്ല!’’ രാജു പറഞ്ഞു, അതേ അക്ഷോഭ്യതയോടെ.

‘‘ഞാൻ സായി ബാബയാകുന്നു! ഞാൻ ആപസ്തംബ സൂത്രത്തിലാകുന്നു. ഞാൻ ഭരദ്വാജ ഗോത്രത്തിലേതാകുന്നു! ഞാൻ വന്നതിനു കാരണം വെങ്കാവധൂതനും മറ്റ് ഋഷിമാരും എന്റെ വരവിനായി പ്രാർത്ഥിച്ചതു കൊണ്ടാണ്! ഞാൻ നിങ്ങളെ അനുഗ്രഹിക്കുകയും നിങ്ങളുടെ എല്ലാ ദുരിതങ്ങളും നീക്കുകയും ചെയ്യാം. ഗുരുവാരം-വ്യാഴാഴ്ച തോറും എന്നെ ആരാധിക്കുക. നിങ്ങളുടെ മനസ്സും ഗൃഹവും വെടിപ്പാക്കി വയ്ക്കുവിൻ!’’

അന്ന് അപരാഹ്നം മുഴുവനും അവിടുന്ന് സ്വയം ‘ഭരദ്വാജ ഗോത്രം’, ‘ ആപസ്തംബ സൂത്രം’എന്ന് ആവർത്തിച്ച് ഉരുവിട്ടു കൊണ്ടിരുന്നു. ലോകത്തിനു വേണ്ടിയുള്ള ഒരു വിളംബരമായിത്തീരുന്നതിനായിരുന്നു അത്.

രാജു അവരോട് പറഞ്ഞത് എന്താണെന്ന് അന്ന് വളരെ ചുരുക്കം പേർക്കേ മനസ്സിലായുള്ളൂ. പിന്നീടും കുറച്ചു പേരേ ഉൾക്കൊണ്ടുള്ളൂ, ആരാധനയുടെ തടുക്കാനാവാത്ത തിരകൾ ആളുകളെ വാരിയെടുക്കുന്നതു വരെ. സകല മാനവരാശിക്കും വേണ്ടി പുത്രനെ ചോദ്യം ചെയ്യാൻ ധൈര്യപ്പെട്ട കോപിഷ്ഠനായ, പക്ഷേ അനുഗ്രഹീതനായ ആ പിതാവിനെ ആർക്കും എതിർക്കാനായില്ല, പിൽക്കാലത്ത് വിധേയനായ മനുഷ്യനായിത്തീർന്നു അദ്ദഹം. അദ്ദഹവും കീഴടക്കപ്പെട്ടു. ഈശ്വരനു മുമ്പിൽ, മനുഷ്യവംശത്തിന്റെ എല്ലാക്കാലത്തെയും ചേഷ്ട ഇതായിരുന്നു.

പെനുക്കൊണ്ടയിൽ ആളുകൾ സായി ബാബയെക്കുറിച്ച് കേട്ടിരുന്നു. കർണം ഗ്രാമത്തലവന്റെ പുത്രനായ ഗോപാൽ റാവു കൊണ്ടുവന്ന വാർത്ത പ്രകാരം, പെനുക്കൊണ്ടയിലെ സബ്-രജിസ്ട്രാർ ആയ കേശവയ്യ ഷിർദ്ദിയിലെ സായി ബാബയുടെ ഭക്തനാണ്. രാജുവിന്റെ ഉന്മാദം വിശദീകരിക്കുവാൻ കേശവയ്യയ്ക്ക് സാധിച്ചേക്കുമെന്ന് അയാൾക്ക് തോന്നി, രാജുവിനെ അദ്ദേഹത്തിന്റെയടുക്കൽ ചികിത്സയ്ക്കായി കൊണ്ടുപോകണമെന്ന് നിർബന്ധിച്ചു.

അതു പ്രകാരം, ഒരു വ്യാഴാഴ്ച ദിവസം രക്ഷിതാക്കൾ അവനെ പെനുക്കൊണ്ടയിലേക്ക് കൊണ്ടുപോയി. ഷിർദ്ദിയിലെ സായി ബാബയുടെ ഒരു യഥാർത്ഥ ഭക്തനായിരുന്ന കേശവയ്യ രാജുവിന് വിഭൂതി നൽകി.

"നിനക്ക് എന്നെ കാണാൻ വയ്യേ, ഈ സായി ബാബയെ? നീ എന്നെ വർഷങ്ങളായി ആരാധിക്കുന്നു, ഇതാ ഞാൻ നിന്റെ മുമ്പിൽ! ഇതാ, ഈ ഉധി എടുത്തോളൂ!" ഇപ്രകാരം പറഞ്ഞുകൊണ്ട് രാജു സബ്-രജിസ്ട്രാറുടെ മുഖത്തേക്ക് വിഭൂതി തിരിച്ചെറിഞ്ഞു.



ഈ പ്രതികരണം കേട്ടിട്ട് കേശവയ്യ സ്തബ്ധനായിപ്പോയി. രാജുവിന്റെ ചേഷ്ട ഉൾക്കൊള്ളാനാവാതെ, അയാൾക്ക് നീരസം തോന്നി, രാജുവിന് ഉന്മാദം ബാധിച്ചതാണെന്നും ആ കുടുംബത്തെ പുട്ടപർത്തിയിലേക്ക് തിരികെ അയയ്ക്കുകയാണെന്നും പ്രഖ്യാപിച്ചു, എന്നാൽ ഷിർദ്ദി സായി ബാബയുടെ ഒരു വിഗ്രഹം സ്ഥാപിച്ച് ഭജന നടത്തുന്നതിന് കേശവയ്യ കുടുംബത്തിന് ഉപദേശം നൽകുകയുണ്ടായി. എല്ലാം ശരിയാകുമെന്ന് അദ്ദേഹം ഉറപ്പു നൽകി. രാജുവിന്റെ ഉന്മാദം വിട്ടകലും.

കുടുംബം അത് അനുസരിച്ചു, ഒരു കളിമണ്ണു കൊണ്ടുണ്ടാക്കിയ ഷിർദ്ദി സായി ബാബ പ്രതിമയും ഒരു ചിത്രവും കൊണ്ടുവന്നു. തിരികെ വന്നിട്ട് ഹാളിനു മധ്യത്തിലായി ഷിർദ്ദി സായി ബാബയുടെ വിഗ്രഹവും ചിത്രവും വച്ച് ഒത്തിരി ദിവസങ്ങൾ ഭജന നടത്തുകയുണ്ടായി അവർ.

തുടർന്നുള്ള കാലയളവിൽ, രാജു ദേഷ്യഭാവം വെടിഞ്ഞു. അവിടുന്ന് അപ്രാപ്യനല്ലാതായി, വിഷാദഭാവം പൊയ്പോയി. സൗഹാർദ്ദത്തോടെയും സഹകരണത്തോടെയും പെരുമാറുന്നതിന് അവിടുന്ന് തീരുമാനിച്ചു, ഈശ്വരാമ്മയും സുബ്ബമ്മയും അവരുടെ മനം ആനന്ദത്താൽ നിറയുമാറ് ഭോജ്യങ്ങളാൽ ഊട്ടുന്നതിന് അനുവദിക്കപ്പെട്ടു.

ഒരു ദിവസം, പെനുക്കൊണ്ടയിൽനിന്ന് ആരോ, ഒരു പക്ഷേ ആയിടയ്ക്ക് പ്രകോപിതനായ കേശവയ്യയുടെ നിർബന്ധത്തിലാവാം, രാജുവിന്റെ ഭവനത്തിലേക്ക് വന്നു. താൻ ഷിർദ്ദിയിലെ സായി ബാബയാണെന്ന രാജുവിന്റെ ധിക്കാരപൂർവമുള്ള അവ

കാശവാദം കേട്ടിട്ട്, അയാൾ രൂക്ഷമായ നോട്ടത്തോടെ ഒരു വെല്ലുവിളി നടത്തി: “നീ ആരാണെന്ന് ഞങ്ങൾക്കറിയാം! നീയൊരു കൊച്ചു പയ്യനാണ്, വെങ്കമ്മരാജുവിന്റെയും ഈശ്വരമ്മയുടെയും മകൻ. പക്ഷേ, സബ്-രജിസ്ട്രാർ ആരാധിക്കുന്ന അതേ സായി ബാബയാണ് നീയെങ്കിൽ, ഞങ്ങൾക്കിപ്പോൾ തെളിവു കാണണം!”

പരിചിതമല്ലാത്ത ഒരു ശബ്ദം വീട്ടിൽ ധാർഷ്ട്യപൂർവം മുഴങ്ങുന്നതു കേട്ടിട്ട്, ഈശ്വരാമ്മ അകത്തെ മുറിയിൽനിന്നും പുറത്തുവന്നു.

“ഞാൻ നിങ്ങൾക്ക് തെളിവ് തരാം!” രാജു അക്ഷോഭ്യനായി പറഞ്ഞു.

പൂക്കൾ കൊണ്ടു വരുന്നതിന് അവിടുന്ന് ആവശ്യപ്പെട്ടു.



ഈശ്വരാമ്മയോടു തന്നെ അത് കൊണ്ടുവരുന്നതിന് ആ മനുഷ്യൻ ആവശ്യപ്പെട്ടു, ഉദ്വേഗത്തോടെ അവരത് ചെയ്തു.

ദ്രുതചേഷ്ടയിൽ രാജു അവ തറയിൽ ചുഴറ്റിയെറിഞ്ഞു. “അവിടെ, ദാ, ഞാൻ അതാകുന്നു!”

പൂവിതളുകൾ ‘സായി ബാബ’, ‘സായി ബാബ!’ എന്ന തെലുങ്കു വാക്കുകൾ സ്വയം ക്രമീകരിക്കുന്നത് അവരെല്ലാവരും കണ്ടുനിന്നു..

നാം അടുത്ത വേള തുടരും.

(തുടരും)



**പ്രൊഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)